വള്ളുവനാട് ടൂറിസം

369 (1059) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതപ്പുഴ ഉൾപ്പെടുന്ന വള്ളുവനാടിന്റെ ടൂറിസം സാധ്യത പ്രയോജനപ്പെടുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ ഏതെല്ലാം ടൂറിസം പ്രോജക്ടുകൾ നടപ്പിലാക്കി ; അതിനായി എത്ര രൂക ചെലവഴിച്ചു ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഭാരതപ്പുഴ ഉൾപ്പെടുന്ന വള്ളുവനാടിന്റെ ടൂറിസം സാധ്യതാപഠനം ഉൾപ്പെടുത്തി 'സ്വദേശി ദർശൻ ടൂറിസം പദ്ധതി'യിൽ 'നിള ടൂറിസം സർക്യൂട്ട്' എന്ന പേരിൽ 100 കോടി രൂപയുടെ ഒരു സമഗ്രപദ്ധതി കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ അഞ്ച് കോടി രൂപയുടെ ബാപ്പുജി ചിൽഡ്രൻസ് പാർക്കിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. കൂടാതെ അനങ്ങൻ മലയിൽ 1,04,00,000 രൂപയുടെ ഇക്കോ ടൂറിസം പദ്ധതിയും പൂർത്തീകരിച്ചിട്ടുണ്ട്.

ചേർത്തല അന്ധകാരനഴി ബീച്ചിനോടനുബന്ധിച്ചുള്ള കെട്ടിടങ്ങളുടെ നവീകരണം

370 (1060) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് സുനാമി പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്തിയ ചേർത്തല അന്ധകാരനഴി ബീച്ചിനോടനുബന്ധിച്ചുള്ള കെട്ടിടങ്ങളുടെ നടപ്പാതകൾ അധികാരികളുടെ അനാസ്ഥമൂലം തകർന്നു കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കെട്ടിടങ്ങളുടെ മേൽക്കൂരയും ജനാലകളും കതകുകളും പുനഃസ്ഥാപിച്ച് ടോയിലറ്റ് ബ്ലോക്കും റസ്റ്റോറന്റും നിർമ്മിക്കുന്നതിനും നടപ്പാതകൾ നവീകരിക്കുന്നതിനും സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly